**പതിനഞ്ചാം കേരള നിയമസഭ**

**മൂന്നാം സമ്മേളനം**

**ബഹു സ്പീക്കറുടെ റൂളിംഗ്**

**11-10-2021**

**(8) സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച്**

2021 ഒക്ടോബർ 11-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിനുശേഷം, *ബില്ലിന്റെ ചർച്ചാവേളകളിൽ സമയക്രമം പാലിക്കണമെന്നും ചർച്ച ബില്ലിന്റെ പരിധിക്കുള്ളിൽ നിർത്തണമെന്നുമുള്ള വ്യവസ്ഥകൾ സഭാ ചട്ടങ്ങളുടെ ഭാഗമായി ചേർക്കപ്പെട്ടിട്ടുള്ളതും ഇതുസംബന്ധിച്ച് മുൻകാലങ്ങളിലെ സഭാദ്ധ്യക്ഷന്മാർ വ്യക്തമായ റൂളിംഗുകൾ നൽകിയിട്ടുള്ളതാണെന്നും എന്നാൽ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ പൊതുവെ വേണ്ടത്ര നിയന്ത്രണം പാലിച്ചിരുന്നില്ലെന്നും കൂടുതൽ ബില്ലുകൾ പരിഗണിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ചർച്ചകൾ നീണ്ടുപോകുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതാണെന്നും വിഷയത്തിൽനിന്ന് വ്യതിചലിച്ച് ചർച്ച മുന്നേറുന്നത് നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് കോട്ടംതട്ടുന്നതാണെന്നും ആയതിനാൽ ബില്ലുകളുടെ കാര്യക്ഷമമായ ചർച്ചയ്ക്കിടയാകുന്ന തരത്തിൽ സമയക്രമം പാലിക്കപ്പെടണമെന്നും*

*വിഷയത്തിലൂന്നി ചർച്ച ചെയ്യണമെന്നും റൂളിംഗ് നൽകണമെന്ന് ക്രമപ്രശ്നത്തിലൂടെ ചീഫ് വിപ്പ് ആവശ്യപ്പെടുകയുണ്ടായി.*

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി.

"ബില്ലിന്മേലുള്ള ചർച്ചകളിൽ സമയക്രമം പാലിക്കണമെന്നും ചർച്ച ബില്ലിന്റെ പരിധിക്കുള്ളിൽ നിർത്തണമെന്നും സഭാചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതുസംബന്ധിച്ച് വിവിധ സഭാദ്ധ്യക്ഷന്മാരുടെ റൂളിംഗുകളുണ്ടായിട്ടുണ്ടെങ്കിലും ഭരണ-പ്രതിപക്ഷ ധാരണയുടെ അടിസ്ഥാനത്തിൽ സമീപകാലങ്ങളിൽ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ പൊതുവെ വേണ്ടത്ര നിയന്ത്രണം പാലിച്ചിരുന്നില്ല. കാര്യോപദേശക സമിതി റിപ്പോർട്ട് സഭ അംഗീകരിച്ചുകഴിഞ്ഞാൽ നിയമനിർമ്മാണത്തിനായി അനുവദിക്കപ്പെടുന്ന മൂന്ന് മണിക്കൂർ സമയം സമിതി ശിപാർശ ചെയ്യുന്ന ബില്ലുകൾക്കായി വിനിയോഗിക്കപ്പെടണമെന്നത് സഭയുടെതന്നെ തീരുമാനമായി മാറുകയാണ് എന്നതിനാൽ ഓരോ ദിവസത്തെയും കാര്യപരിപാടിയുടെ ഭാഗമായുള്ള നിയമനിർമ്മാണം സമയബന്ധിതമായി നിർവ്വഹിക്കപ്പെടുന്നതിന് യുക്തമായ സമയ നിയന്ത്രണം ഏർപ്പെടുത്തേണ്ടത് ചെയറിന്റെ ചുമതലയാണ്.

സഭാനടപടി ചട്ടങ്ങളിലെ 77(1), 294 (1), 314 എന്നീ ചട്ടങ്ങൾ അതിനുള്ള അധികാരം ചെയറിന് നൽകുന്നുമുണ്ട്.

കൂടുതൽ ബില്ലുകൾ പരിഗണിക്കേണ്ട സന്ദർഭങ്ങളിൽ നിയന്ത്രണമൊന്നും കൂടാതെ ചർച്ചകൾ നീണ്ടുപോകുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കണമെന്ന ഭൂരിപക്ഷ അംഗങ്ങളുടെ അഭിപ്രായത്തോട് ചെയറും യോജിക്കുന്നു. ഈ സാഹചര്യത്തിൽ ഇന്ന് മുതൽ സഭ മുമ്പാകെ വരുന്ന നിയമനിർമ്മാണ കാര്യങ്ങളുടെ ഓരോ ദിവസത്തെയും അവസ്ഥ പരിഗണിച്ച് ഓരോ ബില്ലുകളുടെയും പരിഗണനയ്ക്കായി പ്രത്യേകം സമയക്രമീകരണം ഏർപ്പെടുത്തുന്നതാണ്. സഭാ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ ന്യായമായ അവകാശങ്ങളെയും കീഴ്‌വഴക്കപ്രകാരം ലഭ്യമായിരിക്കുന്ന അവസരങ്ങളെയും പരമാവധി സംരക്ഷിക്കുന്ന തരത്തിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുമെന്നും ഭരണ-പ്രതിപക്ഷ അംഗങ്ങളുടെയും ബഹുമാനപ്പെട്ട മന്ത്രിമാരുടെയും സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.